ദീപിക

17 September 2026



സിഎംഎഫ്ആർഐ അറബിക്കടലിൽനിന്നും കണ്ടെത്തിയ പുതിയ ഈൽ മത്സ്യമായ അരിയോസോമ സിഎംഎഫ്ആർഐയൻസെ.

# സിഎംഎഫ്ആർഐയുടെ പേരിൽ പുതിയ ഇനം മത്സ്യം

കൊച്ചി: അറബിക്കടലിൽ കണ്ടെത്തിയ പുതിയ ഇനം ഈൽ മത്സ്യം ഇനി സിഎംഎഫ്ആർഐയുടെ പേരിൽ അറിയപ്പെടും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർക്ക് കൊല്ലം തീരത്തുനിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിലാണു മീനിനെ ലഭിച്ചത്.

കഴിഞ്ഞ ജനുവരിയിൽ ലഭിച്ച മത്സ്യം ശാസ്ത്രീയ പരിശോധനയിൽ പുതിയ ഇനം ഈൽ മത്സ്യമാണെന്ന് സിഎംഎഫ്ആർഐയിലെ ഗവേഷകർ തിരിച്ചറിയുകയായിരുന്നു. സിഎംഎഫ്ആർഐയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായി മീനിന് അരിയോസോമ സിഎംഎഫ്ആർഐയൻസെ എന്നു നാമകരണം ചെയ്തു.

രാജ്യത്തെ ആഴക്കടൽ ഗവേഷണമേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതാണ് ഈ ഗവേഷണമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.